# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6061 07.07.2014-ലെ മറുപടിയ്ക്ക്

### പഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി സംബന്ധിച്ച വിവരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഡോ: എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) പഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി എപ്പോഴെല്ലാമാണ് യോഗം ചേരുന്നതെന്നും കമ്മിറ്റിയുടെ അധികാരങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (എ) പഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിലില്ല. എന്നാൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുണ്ട്. ഇപ്പോൾ ആഴ്ചയിൽ ഒരു ദിവസം യോഗം ചേരുന്നുണ്ട്. ഈ കമ്മിറ്റിക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണവും ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ, ക്യാബിനറ്റ് അംഗീകാരം ആവശ്യമില്ലാത്ത എല്ലാ വിഷയങ്ങളിലും തീരുമാനമെടുക്കാൻ അധികാരം ഉണ്ട്. |
| (ബി) ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്; | (ബി)<br>1. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി<br>2. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി<br>3. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി<br>4. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്<br>5. സെക്രട്ടറി, ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്<br>6. സെക്രട്ടറി, ധനകാര്യ (റിസോഴ്സ്) വകുപ്പ്<br>7. സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്<br>8. വൈസ് ചെയർമാൻ, സംസ്ഥാന ആസൂത്രണ ബോർഡ്<br>9. ചീഫ് (Decentralisation), സംസ്ഥാന ആസൂത്രണ ബോർഡ്<br>10. മെമ്പർ(Resource), സംസ്ഥാന ആസൂത്രണ ബോർഡ്<br>11. പഞ്ചായത്ത് ഡയറക്ടർ<br>12. നഗരകാര്യ ഡയറക്ടർ<br>13. ഗ്രാമവികസന കമ്മീഷണർ<br>14. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ |

| ചോദ്യം | ഉത്തരം |
| --- | --- |
| (സി) കമ്മിറ്റിയെടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനമാണ് ഉള്ളത് ; | (സി) യും (ഡി) യും സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി എടുക്കുന്ന പൊതുവായ തീരുമാനങ്ങളിന്മേൽ ഉത്തരവുകളും, സർക്കുലറുകളും പുറപ്പെടുവിച്ച് അവ നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥനപ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങളിൽ സർക്കാർ നിർദ്ദേശം (ഉത്തരവ്/കത്ത്) നൽകിയാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (ഡി) തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നിശ്ചിത സമയപരിധി വെയ്ക്കുന്നതിനും, വീഴ്ച വരുത്തുന്നത് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ